*ഖുത്ബ*
*17.10.2008*
ഖദീജാ മസ്ജിദ്,
**ബെർലിൻ**

بسم الله الرحمن الرحيم

# ഖദീജാ മസ്ജിദ്: പൂർവ്വികരുടെ സ്വപ്ന സാക്ഷാത്കാരം

إِنَّمَا يَعْمُرُ مَسَاجِدَ اللَّهِ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَأَقَامَ الصَّلَاةَ وَآتَى الزَّكَاةَ وَلَمْ يَخْشَ إِلَّا اللَّهَ فَعَسَى أُولَئِكَ أَنْ يَكُونُوا مِنَ الْمُهْتَدِينَ (9:18)

وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاءُ بَعْضٍ يَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَيُقِيمُونَ الصَّلَاةَ وَيُؤْتُونَ الزَّكَاةَ وَيُطِيعُونَ اللَّهَ وَرَسُولَهُ أُولَئِكَ سَيَرْحَمُهُمُ اللَّهُ إِنَّ اللَّهَ عَزِيزٌ حَكِيمٌ (9:71)

അൽഹംദുലില്ലാഹ്, ഈ പള്ളിയുടെ ഉത്ഘാടനത്തിലൂടെ അല്ലാഹുതആല അഹ്മദിയ്യാ ജമാഅത്തിന് തന്റെ അനുഗ്രഹവർഷത്തിൽനിന്ന് ഒരു തുള്ളി കൂടി നൽകിയിരിക്കുന്നു. ഈ നാടിന്റെ കിഴക്കു ഭാഗത്തുള്ള ആദ്യത്തെ പള്ളിയാണിത്. ബെർലിൻ നഗരമാണ് ജർമ്മനിയുടെ തലസ്ഥാനം. ഇതിന് അതിന്റേതായ ഒരു പ്രാധാന്യമുണ്ട്. ജർമ്മനിയിലും പ്രത്യേകിച്ച് ഈ സ്ഥലത്തും അഹ്മദിയ്യത്തിലൂടെ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം എത്തിയിട്ട് 86 വർഷം പിന്നിട്ടിരിക്കുകയാണ്.ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ന്റെ കാലത്താണ് ഇവിടെ മുബല്ലിഗുമാർ വന്നിരുന്നത്. അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജർമ്മൻ ജനതയിൽ സത്യത്തോടുള്ള തത്പരത ഉള്ളതായി അറിയുന്നു.ആ സമയത്ത് അവർക്ക് യഥാർത്ഥ ഇസ്‌ലാമിനെ ക്കുറിച്ചറിയാൻ പ്രത്യേക താത്പര്യം ഉണ്ടായിരുന്നു.

ഈ നാട്ടിലും ഈ നഗരത്തിലും ആദ്യകാലങ്ങളിൽ സേവനമനുഷ്ഠിച്ച മുബല്ലിഗുമാരെക്കുറിച്ച് അൽപ്പം വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.ഈ പള്ളി നിർമ്മാണത്തോടുകൂടി അവരെകുറിച്ചുള്ള ഓർമ്മകൾ തെളിഞ്ഞു വരികയാണ് . ഈ നാട്ടിൽ പുരോഗതി ലഭിക്കും എന്ന ശുഭ പ്രതീക്ഷയിലായിരുന്നു അവർ. യുവാക്കൾക്കും കുട്ടികൾക്കും നവാഗതർക്കും അവരെ കുറിച്ച് അറിയുന്നതിന്നായും ആദ്യ കാലത്തുള്ള മുബല്ലിഗുമാർക്കു വേണ്ടി ദുആ ചെയ്യാൻ പ്രേരണ ലഭിക്കുന്നതിന്നും വേണ്ടിയാണ് അവരെ കുറിച്ച് ഞാൻ അൽപ്പം വിവരിക്കുന്നത്. ഇവിടെയുള്ളവർക്കും ലോകത്തിന്റെ നാനാ ഭാഗത്തുള്ളവർക്കും ഇത് പ്രയോജനപ്രദമായിരിക്കും. ആദ്യകാല മുബല്ലിഗുമാർ മഹത്തായ ത്യാഗം ചെയ്തു കൊണ്ടാണ് അന്ന് ജീവിച്ചത്. സ്വന്തം നാട്ടിൽ നിന്ന് പുറപ്പെട്ട് വിവിധ നാടുകളിൽ അവർ താമസിച്ചു. ഇന്ന് ജമാഅത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ നല്ലതാണ്. എന്നാൽ അന്ന് സാമ്പത്തിക സ്ഥതി വളരെ പരിതാപകരമായിരുന്നു. എന്നിട്ടും അഹ്മദിയ്യത്തിന്നു വേണ്ടിയുള്ള അവരുടെ ആവേശവും അവരുടെ അക്ഷീണപരിശ്രമവും അവരെ എല്ലായിടത്തും അറിയപ്പെടുന്നവരാക്കി മാറ്റുകയായിരുന്നു. ദുആയിൽ അവർ വളരെ കൂടുതൽ ശ്രദ്ധിച്ചിരുന്നു.

1922-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ജർമ്മനിയിൽ മിഷ്യൻ സ്ഥാപിക്കാൻ തീരുമാനിച്ചു. മൗലവി മുബാറക്ക് അലി സാഹിബ് ബംഗാളിയെ ജർമ്മനിയിലേക്ക് അയക്കണമെന്നും അവിടെ മിഷൻ സ്ഥാപിക്ക ണമെന്നും തീരുമാനമായി. മൗലവി മുബാറക്ക് അലി സാഹിബ് 1920 മുതൽ ലണ്ടനിൽ മുബല്ലിഗായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) യുടെ നിർദ്ദേശ പ്രകാരം അദ്ദേഹം ലണ്ടനിൽ നിന്ന് ജർമ്മനിയിലെത്തി. അദ്ദേഹത്തെ സഹായിക്കാനായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) മലിക് ഗുലാം ഫരീദ് സാഹിബ് എം. എ യെ ജർമ്മനിയിലേക്ക് അയക്കാൻ തീരുമാനിച്ചു. അദ്ദേഹം 1923 നവംബർ 26-ന് ഖാദിയാനിൽ നിന്ന് ജർമ്മനിയിലേക്ക് പുറപ്പെട്ടു. 1923 ഡിസംബർ 18-ന് വെളുപ്പിന് ഇവിടെ ബെർലിനിൽ എത്തിച്ചേരുകയും ചെയ്തു.

ജർമ്മനിയിൽ എത്തിയതിനുശേഷം മൗലവി മുബാറക്ക് അലി സാഹിബ് തബ്‌ലീഗ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയുണ്ടായി. ഇതുസംബന്ധമായി 1923 ഫെബ്രുവരി 2-ലെ ഖുത്ബയിൽ ഹസൂർ പറഞ്ഞു:- ഇദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ വളരെ വിജയപ്രദമാണ്. അവിടെ വിജയം ലഭിക്കും എന്നതിൽ അദ്ദേഹത്തിന്ന് ദൃഢപ്രതീക്ഷയാണ്. അതുകൊണ്ട് അവിടെ ഉടൻതന്നെ ഒരു പള്ളിനിർമ്മിക്കണമെന്ന് അദ്ദേഹം എഴുതുന്നു. ഞാൻ അവിടെ ആറു മാസത്തോളം താമസിച്ചാൽ ഈ വിജയം വേഗം സാധ്യമാകുമെന്നാണ് കത്തിൽ എഴുതിയത്. ഇതുമുഖേന ലോകത്ത് വലിയ വിപ്ലവകരമായ മാറ്റം സംഭവിക്കുന്നതാണെന്നും അദ്ദേഹം കണക്കുകൂട്ടുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ജർമ്മനിയിൽ പോകേണ്ടതില്ലെന്ന് തീരുമാനിച്ചു. ഹുസൂർ പറഞ്ഞു: ഇവിടെ ഉടനെ ഒരു പള്ളിയും ജമാഅത്തിന്നായി ഒരു കെട്ടിടവും നിർമ്മിക്കുകയാണെങ്കിൽ വിജയം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്ന അദ്ദേഹത്തിന്റെ അഭിപ്രായം തള്ളിക്കളയുന്നത് ജമാഅത്തിന് നഷ്ടം വരുത്തുന്നതാണെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് ഉടനെ അവിടെ സ്ഥലം വാങ്ങാൻ ഞാൻ നിർദ്ദേശിച്ചിരിക്കുന്നു. ഹുസൂറിന്റെ ഈ നിർദ്ദേശം പാലിച്ചുകൊണ്ട് മൗലവി മുബാറക്ക് അലി സാഹിബ് ബെർലിൻ പട്ടണത്തിൽ 2 ഏക്കർ സ്ഥലം പള്ളിക്കായി വാങ്ങി.

ബെർലിനിൽ സ്ഥലമെടുത്ത് കഴിഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1923 ഫെബ്രുവരി 2 ന് ബർലിൻ മസ്ജിദ് നിർമ്മാണത്തെ കുറിച്ച് പറഞ്ഞു:- ബർലിൻ പള്ളി നിർമ്മാണം അഹ്മദീ സ്ത്രീകളുടെ സാമ്പത്തിക സഹായം മുഖേന ഉണ്ടാക്കുന്നതാണ്. ഈ പള്ളിനിർമ്മാണത്തിനായി 50000 രൂപ മൂന്ന് മാസംകൊണ്ട് സ്വരൂപിക്കാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ആഹ്വാനം ചെയ്തു. ലജ്നാ ഇമാഇല്ലായുടെ സംസ്ഥാപനത്തിനുശേഷം അവർക്ക് പ്രഥമമായി നൽകിയ സാമ്പത്തിക പദ്ധതി ഇതായിരുന്നു. ഈ പദ്ധതി മുഖേന അഹ്മദീ മഹിളകളുടെ കാഴ്ചപ്പാട് തന്നെ മാറുകയും അവരുടെ ആത്മാർത്ഥതയും അർപ്പണ മനോഭാവവും പതിന്മടങ്ങ് വർദ്ധിക്കുകയുമുണ്ടായി. അന്ന് ഇന്ത്യയും പാക്കിസ്ഥാനും വിഭജിച്ചിരുന്നില്ല. ഖാദിയാനിലെ ലജ്നകൾ സമാനതകളില്ലാത്ത ത്യാഗത്തിന്റെ മാതൃകകളാണ് കാണിച്ചത്. ഇസ്ലാമിന്റെ ആദ്യകാല ചരിത്രത്തിൽ മാത്രമേ ഇങ്ങിനെയുള്ള മാതൃകകൾ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. അന്ന് അവർ ചെയ്തു കാണിച്ച മാതൃക ഇന്നും ഫലം നൽകിക്കൊണ്ടിരിക്കുന്നു. അഹ്മദി സ്ത്രീകൾ പണവും ആഭരണങ്ങളും ഖലീഫത്തുൽ മസീഹ് സാനിയുടെ മുമ്പിൽ ഇതിന്നായി സമർപ്പിച്ചു. ആദ്യ ദിവസം തന്നെ 8000 രൂപ പണവും ബാക്കി വാഗ്ദാനങ്ങളും ഖാദിയാനിലെ സ്ത്രീകൾ ഹുസൂറിന് നൽകിയിരുന്നു. രണ്ട് മാസത്തിന്നകം 45000 രൂപയുടെ വാഗ്ദാനം നൽകുകയും അതിൽ 30000 രൂപ പിരിഞ്ഞ് കിട്ടുകയും ചെയ്തു. ചെലവ് വർദ്ധിക്കാൻ സാധ്യതയുള്ളതു കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഇതിന്റെ ടാർഗറ്റ് എഴുപതിനായിരം രൂപയാക്കി നിജപ്പെടുത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി സ്ത്രീകൾ എഴുപത്തിരണ്ടായിരത്തി എഴുനൂറുരൂപ സ്വരൂപിക്കുകയുണ്ടായി.

1923 ആഗസ്റ്റ് 5-ന് ബെർലിൻ മസ്ജിദിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കപ്പെട്ടു. അതിൽ ജർമ്മൻ ആഭ്യന്തരമന്ത്രി, പൊതുജനകാര്യ മന്ത്രി, തുർക്കി, അഫ്ഘാനിസ്ഥാൻ അംബാസിഡർമാർ വിവിധ പത്ര പ്രധിനിധികൾ മറ്റു പ്രമുഖർ എന്നിവർ സന്നിഹിതരായിരുന്നു. അതിഥികളുടെ എണ്ണം നാനൂറും അഹ്മദികൾ വെറും നാലും. അവിടെയുള്ളവരുടെ ബന്ധമായിരുന്നു ഇത്രയും ആളുകൾ ഒരുമിച്ചുകൂടാൻ കാരണമായത്. അവിടെയുള്ള മുബല്ലിഗ്മാർ ഈ രീതിയിലുള്ള ബന്ധമാണ് നിലനിർത്തിയിരുന്നത്. പള്ളിയുടെ ശിലാസ്ഥാപനത്തിലേക്ക് ഇത്രയധികം പ്രമുഖരെ എത്തിക്കാൻ അവർക്ക് സാധിച്ചിരുന്നു. അങ്ങിനെ പള്ളിയുടെ ശിലാസ്ഥാപന കർമ്മം നടന്നു. ലോക മഹായുദ്ധത്തിന് ശേഷം അവിടത്തെ സാമ്പത്തികനില വളരെ വഷളായതിനാൽ പത്തറുപതിനായിരം രൂപകൊണ്ട് നിർമ്മിക്കാൻ കഴിയും എന്നു കണക്കുക്കൂട്ടിയ പള്ളിയുടെ ചിലവ് 15 ലക്ഷമായി ഉയരുകയുണ്ടായി. ഇത്രയും വലിയ ഒരു തുക ഒരുമിച്ചു കൂട്ടാൻ ജമാഅത്തിന്റെ അപ്പോഴുള്ള സാഹചര്യത്തിൽ സാധിക്കുമായിരുന്നില്ല. അതുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഒരു തീരുമാനമെടുക്കുകയുണ്ടായി. ലണ്ടൻ കേന്ദ്രവും ബെർലിൻ കേന്ദ്രവും ഒരേ സമയത്ത് മുന്നോട്ടു കൊണ്ടുപോകാൻ സാധ്യമല്ലാത്തതുകൊണ്ട് 1924 -ൽ ബെർലിൻ മിഷൻ നിർത്തിവെക്കാൻ തീരുമാനമെടുത്തു. കാരണം ഇവിടുത്തെ അവസ്ഥ അന്ന് വളരെ വഷളായി കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ മഹിളാ രത്നങ്ങൾ ചെയ്ത ധനത്യാഗം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ലണ്ടനിലേക്ക് അയക്കുകയും മസ്ജിദ് ഫള്ൽ അതു മുഖേന നിർമ്മിക്കുകയും ചെയ്തു. 1948ൽ ഹാംബർഗിൽ ശൈഖ് നാസിർ അലി സാഹിബ് വന്നിരുന്നു. അദ്ദേഹം ഇവിടെ മിഷൻ തുടങ്ങി.

ഇപ്പോൾ യാത്രാ സൗകര്യവും വർദ്ധിച്ചിട്ടുണ്ട്. അതുപോലെ ജമാഅത്തിന്റെ സാമ്പത്തിക നിലയും ശക്തമാണ്. അക്കാലത്ത് കപ്പലിലാണ് യാത്ര ചെയ്യാറുണ്ടായിരുന്നത്. അവിടെ എത്തിച്ചേരാൻ മലിക്ക് ഫരീദ് സാഹിബിന് 22 ദിവസം യാത്ര ചെയ്യേണ്ടി വന്നിട്ടുണ്ട്. മലിക്ക് ഫരീദ് സാഹിബ് വിശുദ്ധ ഖുർആന്റെ ഇംഗ്ലീഷ് തർജ്ജമയും അൽപ്പം കുറിപ്പുകളും എഴുതിയ വ്യക്തിയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) യുടെ കുറിപ്പുകളിൽ നിന്നാണ് അദ്ദേഹം ഈ കുറിപ്പുകൾ തയ്യാറാക്കിയിരുന്നത്. ഇതേപോലെ ഖലീഫത്തുൽ മസീഹ് സാനി (റ) യുടെ അഞ്ച് വാല്യങ്ങളിലായുള്ള ഇംഗ്ലിഷ് വ്യാഖ്യാന ഗ്രന്ഥവും ഇദ്ദേഹമാണ് തയ്യാറാക്കിയത്. ഇത് തയ്യാറാക്കാൻ ഒരു കമ്മറ്റിയുണ്ടായിരുന്നുവെങ്കിലും കൂടുതലും ഇദ്ദേഹമാണ് ചെയ്തത്. ഇദ്ദേഹത്തിന് ഇംഗ്ലിഷ് ഭാഷയിൽ നല്ല നൈപുണ്യമുണ്ടായിരുന്നു. ഇദ്ദേഹം വിശുദ്ധ ഖുർആന്റെ വാക്കുകൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ഡിക്ഷ്ണറിയും തയ്യാറാക്കിയിരുന്നു. അത് പ്രസിദ്ധീകൃതമായിരുന്നില്ല. കഴിഞ്ഞവർഷം അത് സമ്പൂർണ്ണമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലിക്ക് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു.

മൗലവി മുബാറക്ക് അലി സാഹിബ് 1909ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ കയ്യിലാണ് ബൈഅത്ത് ചെയ്തത്. ബംഗ്ലാദേശുകാരനാണദ്ദേഹം.1917 ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) വഖ്ഫെ സിന്ധഗീ

(ജീവിതം വഖ്ഫ് ചെയ്യുന്ന പദ്ധതി) യുടെ പദ്ധതിക്ക് ആഹ്വാനം ചെയ്തപ്പോൾ അന്ന് പേര് നൽകിയ 63 പേരിൽ മൗലവി മുബാറക്ക് അലി സാഹിബും ഉൾപ്പെട്ടിരുന്നു. 1969ൽ ബംഗ്ലാദേശിൽ വെച്ച് അദ്ദേഹം വഫാത്തായി. ഇവരാണ് ആദ്യകാലത്ത് ഇവിടെ വന്ന് സേവന മനുഷ്ടിച്ച മുബല്ലിഗുമാർ. ഇക്കാലത്തുള്ള മുബല്ലിഗ്, മുറബ്ബിമാർ ആത്മപരിശോധന നടത്തുന്നതിന്ന് ആദ്യകാല മുബല്ലിഗ്മാരുടെ ചരിത്രം വായിക്കേണ്ടതാണ്. ചുരുക്കത്തിൽ ആദ്യ കാലത്തുള്ളവർ അശ്രാന്തപരിശ്രമം ചെയ്തിരുന്നു. അന്ന് പരിശ്രമിച്ചിട്ടും പള്ളിയുണ്ടാക്കാൻ നമുക്ക് സാധിച്ചില്ല. എന്നിരുന്നാലും ഖാദിയാനിലെയും ഇന്ത്യയിലെയും മഹിളകളുടെ ത്യാഗം ഒരിക്കലും വ്യർത്ഥമായില്ല. അവരുടെ പണം കൊണ്ട് ലണ്ടനിലെ മസ്ജിദ് ഫള്ൽ നിർമ്മിക്കപ്പെടുകയുണ്ടായി. ഇന്ന് ആ പള്ളിയുടെ പ്രാധാന്യം എല്ലാവർക്കും അറിയുന്നതാണ്. അക്കാലത്തുള്ള മഹിളകളുടെ നിസ്വാർത്ഥത്യാഗവും അതിന്റെ സ്വീകാര്യതക്കായി ഉള്ളുരുകിയുള്ള അവരുടെ പ്രാർത്ഥനയുമാണ് അവർക്ക് ജീവിതത്തിൽ തന്നെ ഒരു പള്ളി നിർമ്മിക്കാനും അവർക്ക് ശേഷം അവരുടെ മക്കൾക്ക് മറ്റൊരു പള്ളി നിർമ്മിക്കുവാനും തൗഫീഖ് ലഭിച്ചതും എന്ന് ഞാൻ മനസ്സിലാക്കുന്നു. ആദ്യകാലത്ത് മഹിളകൾ ചെയ്ത ആ ത്യാഗത്തിന്റെ ഫലമായി ഇന്നും ലജ്നകളിൽ ത്യാഗമനോഭാവം നിലനിൽക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നു.

ഇപ്പോൾ നിർമ്മിക്കപ്പെട്ടിരിക്കുന്ന ഈ പള്ളിക്ക് പതിനേഴ് ലക്ഷം യൂറോയാണ് ചെലവായത്. ഇതിൽ നാല് ലക്ഷം യൂറോ ഒഴിച്ച് ബാക്കിയുള്ള മുഴുവൻ സംഖ്യയും ഇവിടെയുള്ള ജർമ്മൻ ലജ്നകളാണ് നൽകിയത്. 4 ലക്ഷം യൂറോയിൽ വലിയൊരു പങ്ക് യു.കെ ലജ്നയുടേതാണ്. 17 ലക്ഷം യൂറോയെ പാക്കിസ്ഥാൻ കറൻസിയിലേക്ക് മാറ്റുകയാണെങ്കിൽ 19 കോടി രൂപയായിരിക്കും അതിന്റെ മൂല്യം. അല്ലാഹു ഈ ത്യാഗത്തിന് തൗഫീഖ് നൽകിയതിന് അവന് എത്ര തന്നെ നന്ദി രേഖപ്പെടുത്തിയാലും മതിയാകുന്നതല്ല.

ഈ പള്ളിയുടെ വിസ്തീർണ്ണത്തെകുറിച്ചും മറ്റും അൽപ്പം വിവരിക്കാം. ഇതിന്റെ മൊത്തം സ്ഥലം ആദ്യകാലത്ത് 2 ഏക്കറാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ഒരു ഏക്കറിൽ അൽപ്പം കൂടുതലാണുള്ളത്. 4790 സ്ക്വയർ മീറ്റർ ആണ് അതിന്റെ മൊത്തം വിസ്തീർണ്ണം. അതിൽ 1008 സ്ക്വയർ മീറ്റർ സ്ഥലത്താണ് ബിൽഡിംഗ് പണിതത്. പല നിബന്ധനകളും ഉള്ളതുകൊണ്ട് 13 മീറ്റർ ഉയരത്തിൽ മിനാരം ഉണ്ടാക്കുന്നതിനുള്ള അനുവാദമാണ് ലഭിച്ചത്. 168 സ്ക്വയർ മീറ്ററിന്റെ രണ്ട് ഹാളുകളുണ്ട്. അതായത് ആകെ 336 സ്ക്വയർ മീറ്ററിന്റെ വിസ്തീർണ്ണമാണ് പള്ളിക്കുള്ളത്. നാല് മുറികളുള്ള ഒരു ഫ്ളാറ്റ് ഉണ്ട്. ഒന്ന് രണ്ട് മുറികളുള്ള വീടും ഉണ്ടാക്കിയിട്ടുണ്ട്. ഗസ്റ്റ് ഹൗസിനുവേണ്ടി ഒരു റൂമും ഉണ്ട്. 4 ഓഫീസുകളും ലൈബ്രറിയും കോൺഫറൻസ് ഹാളും ഉണ്ട്. ചെറിയ ഒരു പാർക്ക് കുട്ടികൾക്കായി നിർമ്മിക്കാനും ഇവർക്ക് പ്ലാനുണ്ട്. പാർക്കിങ്ങ് സൗകര്യവുമുണ്ട്.

ഇവിടെ എതിർപ്പും ശക്തമാണ്. എന്നാൽ ഇപ്പോൾ എതിർപ്പ് കുറഞ്ഞ് വരികയാണ്. ഇവിടെനിന്ന് ശാന്തിയുടെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം ലോകത്തെല്ലായിടത്തും പരക്കുമ്പോൾ ഈ എതിർപ്പും ഇല്ലാതായിത്തീരും, ഇൻശാ അല്ലാഹ്. ഇന്ന് ലോകം സാമ്പത്തികപ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. യൂറോപ്പിലെല്ലാം വിലക്കയറ്റം ഉച്ചിയിൽ എത്തിയിരിക്കുന്നു. ഇതെല്ലാമായിട്ടുകൂടി അല്ലാഹു ലജ്നകൾക്ക് ത്യാഗം ചെയ്യാൻ തൗഫീഖ് നൽകുകയും അത് ഇപ്പോൾ ഫലപ്രദമാകുകയും ചെയ്തിരിക്കുന്നു. അല്ലാഹു ഇതിന്നായി ത്യാഗം ചെയ്ത എല്ലാവർക്കും അതിരറ്റ പ്രതിഫലം നൽകുമാറാകട്ടെ. എല്ലാവരുടെയും ധനത്തിലും മക്കളിലും അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ. സ്ത്രീകളും പുരുഷന്മാരും ഒന്നിനോടൊന്ന് മത്സരിച്ചു കൊണ്ട് ത്യാഗം ചെയ്യുന്ന ഇത്തരം കാഴ്ച ലോകത്ത് എല്ലായിടത്തും നമുക്ക് കാണാൻ സാധിക്കുന്നതാണ്. 1923-ലാണ് ബെർലിൻ മസ്ജിദിന്റെ ശിലാസ്ഥാപനം നടന്നത്. എന്നാൽ അതിരൂക്ഷമായ സാമ്പത്തികപ്രതിസന്ധി കാരണം അന്ന് അതിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചില്ല. എന്നാൽ അല്ലാഹു തന്റെ മസീഹിന്റെ ജമാഅത്തിന് ഈ അനുഗ്രഹം നൽകാൻ തീരുമാനിച്ചതിന്റെ ഫലമായി ഇന്ന് വീണ്ടും അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ലോകം നേരിടുമ്പോൾ അതിനു മുമ്പേ തന്നെ ഈ പള്ളി പൂർത്തിയാക്കാൻ അല്ലാഹു തൗഫീഖ് നൽകുകയാണുണ്ടായത്. ഇത്രമാത്രം സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും സാമ്പത്തികത്യാഗം ചെയ്തു കൊണ്ടിരിക്കുന്നതു കൊണ്ട് അല്ലാഹു തീർച്ചയായും അഹ്മദികളുടെ ധനത്തിൽ ബർക്കത്തുകൾ ഇട്ടു കൊടുക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ആരോ എന്നോട് പറയുകയുണ്ടായി; നികുതി അടക്കുന്നതിന്ന് റിട്ടേൺ സമർപ്പിച്ചപ്പോൾ നികുതി പിരിക്കുന്ന ഉദ്യോഗസ്ഥർ ചോദിക്കുകയുണ്ടായി നിങ്ങളുടെ വീട്ടുചെലവ് നിങ്ങളുടെ ചന്ദയേക്കാൾ കുറയുന്നത് എങ്ങിനെയാണ്, ഞങ്ങൾക്കിത് വിശ്വസിക്കാൻ പറ്റുന്നില്ല എന്ന്. ഈ ഒരു ആത്മാവാണ് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് കാരണമാകുന്നത്. സ്വന്തം ചെലവ് കുറച്ചുകൊണ്ട് അവർ ധനത്യാഗത്തിൽ പങ്കാളികളാകുന്നു. ഈ ആത്മാവിനെ നിലനിർത്തേണ്ടതും ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടിക്കഴിഞ്ഞാൽ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തേണ്ടതും ഓരോ അഹ്മദിയുടെയും നിർബന്ധ കടമയാണ്. ഈ ഒരാത്മാവിനെ യഥാർത്ഥ വിശ്വാസി മരിക്കാൻ അനുവദിക്കില്ല. അതോടൊപ്പം ഇതിൽ അഹങ്കരിക്കുകയുമില്ല. അല്ലാഹു നിങ്ങൾക്ക് ഈ അവസരം നൽകിയത് അവന്റെ കൃപയാണ്. അതിന്ന് അവനോട് നന്ദി രേഖപ്പെടുത്തുകയും ഈ പള്ളിയുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ നിറവേറ്റാൻ

ശ്രമിക്കുകയും ചെയ്യുക. നിങ്ങളുടെ മക്കളെയും പള്ളിയുമായി ബന്ധപ്പെട്ട കർത്തവ്യ നിർവ്വാഹകരായി മാറുന്ന രീതിയിൽ അവർക്ക് ശിക്ഷണം നൽകുക.

അഹ്മദീ സ്ത്രീകൾ ചെയ്തിരിക്കുന്ന ഈ ത്യാഗം എന്നെന്നും ഫലപ്രദമായി തീരുന്നതിന് നിങ്ങളുടെ മക്കളെ അല്ലാഹുവും അവന്റെ റസൂലും നിർദ്ദേശിച്ചതനുസരിച്ച് വളർത്തുക. അവരെ പള്ളിയുമായി ബന്ധപ്പെടുത്തുക. സ്ത്രീകൾ ചെയ്തിരിക്കുന്ന ഈ ത്യാഗത്തിനുള്ള നന്ദി രേഖപ്പെടുത്തുന്നതിന്നായി പുരുഷൻമാർ എപ്പോഴും ഈ പള്ളിയുമായി ബന്ധപ്പെടുക. ഞങ്ങളിൽ നിന്നാണല്ലോ സ്ത്രീകൾ പണം വാങ്ങിയത് എന്ന് ചില പുരുഷൻമാർ പറഞ്ഞേക്കാം. അത് ശരി തന്നെ. എന്നിരുന്നാലും അവർ നിങ്ങളിൽ നിന്ന് വാങ്ങി കൊടുക്കുന്നതും ഒരു ത്യാഗം തന്നെയാണ്. നിങ്ങളും അതിൽ ഉൾപ്പെടുന്നു.

ഇവിടെ സ്ത്രീകൾ പള്ളി നിർമ്മിച്ചു കൊണ്ട് തങ്ങളുടെ പുരുഷൻമാർ അല്ലാഹുവിനെ ആരാധിക്കുന്ന വരായിത്തീരണമെന്ന ആഗ്രഹമാണ് പ്രകടിപ്പിച്ചത്. അവർക്ക് കഴിയുമായിരുന്നെങ്കിൽ എല്ലാ സ്ഥലത്തും നിങ്ങൾക്ക് പള്ളി നിർമ്മിച്ച് തരുമായിരുന്നു. കാനഡയിൽ ഞാൻ പോയപ്പോൾ അവിടത്തെ ലജ്ന എവിടെയെങ്കിലും പള്ളി നിർമ്മിക്കുക എന്നു പറഞ്ഞ് 10 മില്ല്യൺ ഡോളർ എനിക്ക് നൽകുകയുണ്ടായി. ഇതിൽ കൂടുതൽ ചെലവ് വരികയാണെങ്കിൽ അതും തങ്ങൾ തരുമെന്ന് അവർ പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ഈ ത്യാഗമനോഭാവം എല്ലായിടത്തും നമുക്ക് കാണാൻ സാധിക്കുന്നു.

പുരുഷൻമാർക്കാണ് പള്ളികളിൽ വരേണ്ടത് നിർബന്ധമായിട്ടുള്ളത്. സ്ത്രീകൾക്ക് ഇഷ്ടമാണെങ്കിൽ ജുമുഅക്ക് വരാം. അല്ലെങ്കിൽ വരേണ്ടതില്ല. ഇനി അവർക്കായി വല്ല പരിപാടിയുമുണ്ടെങ്കിൽ അവർക്ക് വരാം. പള്ളി നിർമ്മാണത്തിന്നായി സ്ത്രീകൾ ചെയ്യുന്ന ഈ ത്യാഗം അല്ലാഹുവിന്റെ പ്രീതി ഒന്നു മാത്രം പ്രതീക്ഷിച്ചു കൊണ്ടുള്ളതാണ്. എന്റെ ഈ ചിന്ത സദ്ഭാവന മാത്രമാകാതിരിക്കട്ടെ. മറിച്ച് അവരുടെ ത്യാഗങ്ങൾ തങ്ങളുടെ മക്കളുടെ നിലനിൽപ്പിന്നും തങ്ങളുടെ പുരുഷൻമാർ അല്ലാഹുവുമായി ബന്ധപ്പെടുന്നതിന്നും വേണ്ടിയായിരിക്കട്ടെ.

ഞാൻ ഓതിക്കേൾപ്പിച്ച ആയത്തുകളിൽ അല്ലാഹു പറയുന്നു;

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമേ അല്ലാഹുവിന്റെ പള്ളികൾ ജനനിബിഢമാക്കുകയുള്ളൂ. അത്തരക്കാർ നേർമാർഗ്ഗം പ്രാപിക്കുന്നവരായേക്കാം. (9:18)

സൂറ തൗബയിലെ 71-ം വചനത്തിൽ അല്ലാഹു പറയുന്നു;

സത്യവിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും പരസ്പരം മിത്രങ്ങളാണ്. അവർ നല്ലത് ഉപദേശിക്കുകയും ചീത്തയായത് വിലക്കുകയും നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അക്കൂട്ടർക്ക് അല്ലാഹു നിശ്ചയമായും കരുണ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു. (9: 71)

അതുകൊണ്ട് പള്ളി നിർമ്മിച്ചതിനുശേഷം സ്ത്രീകളും പുരുഷൻമാരും തങ്ങളുടെയും തങ്ങളുടെ മക്കളുടെയും പള്ളിയുമായുള്ള ബന്ധം നിലനിർത്തുക. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരുടെ അടയാളമാണത്.

ആരാണ് യഥാർത്ഥ വിശ്വാസി, എന്താണ് ഈമാൻ എന്നതിന്റെയൊക്കെ അഗാധതലങ്ങൾ ചിന്തിക്കുകയാണെങ്കിൽ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ നാം ഭയചകിതരായിത്തീരുന്നു. നാം യഥാർത്ഥ വിശ്വാസികളിൽ ഉൾപ്പെടുമോ എന്ന് ചിന്തിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിൽ പ്രവേശിക്കാൻ സാധിച്ചത് അല്ലാഹു നമ്മോട് ചെയ്തിരിക്കുന്ന ഔദാര്യമാണ്. ആ മഹാത്മാവ് നമ്മെ നേരായ പന്ഥാവിൽ ചരിക്കുന്നതിനും യഥാർത്ഥ വിശ്വാസികളുടെ ഗണത്തിൽ ഉൾപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിവിധ രീതിയിൽ നൽകുകയുണ്ടായി.

ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു;

തങ്ങളുടെ പ്രവർത്തനം തങ്ങളുടെ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നവരാണ് യഥാർത്ഥ വിശ്വാസികൾ. അവരുടെ ഹൃദയത്തിൽ വിശ്വാസം ഉല്ലേഖനം ചെയ്യപ്പെടുന്നതാണ്. അവർ അല്ലാഹുവിനെയും അവന്റെ പ്രീതിയെയും മറ്റെല്ലാറ്റിനെക്കാളും മുൻഗണന നൽകുകയും ചെയ്യുന്നു. അല്ലാഹുവിന് വേണ്ടി തഖ്‌വയുടെ ഇടുങ്ങിയതും സൂക്ഷ്മവുമായ മാർഗ്ഗങ്ങൾ അവർ അവലംബിക്കുന്നു. അവന്റെ സ്നേഹത്തിൽ അവർ ലയിക്കുന്നു. അല്ലാഹുവിൽ നിന്ന് അകറ്റുന്ന സ്വഭാവങ്ങളും തെറ്റായ പ്രവർത്തികളും അശ്രദ്ധയും അലസതയും എല്ലാം തങ്ങളിൽ നിന്ന് അവർ അകറ്റിക്കളയുകയും ചെയ്യുന്നു.

ദുർവൃത്തി ഒരു അഹ്മദിയിൽ നിന്ന് നമുക്ക് പ്രതീക്ഷിക്കാനേ പറ്റില്ല. നമ്മുടെ സ്വഭാവത്തിൽ വളരെ ചെറിയ ബലഹീനത പോലുമുണ്ടെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) നിർദ്ദേശിച്ചതനുസരിച്ച്, നാം ഒരു ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മുടെ ഓരോ പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതിക്കായി ചെയ്യുമ്പോൾ അവൻ നമ്മുടെ ബലഹീനതകൾ അകറ്റിത്തരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഇത് വിശ്വാസദൃഢീകരണത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രീതിക്കായി നമ്മുടെ പരസ്പരമുള്ള ബന്ധങ്ങളെ നാം ശക്തിപ്പെടുത്തുകയും പരസ്പരമുള്ള

കടമകൾ നിറവേറ്റുകയും നമ്മുടെ ആരാധനയുടെ കടമകൾ പൂർത്തിയാക്കുകയും ചെയ്യുകയാണെങ്കിൽ ഇതെല്ലാം നമ്മുടെ വിശ്വാസവർദ്ധനവിന് കാരണ മായിത്തീരുന്നതാണ്.

ചിലപ്പോൾ ചില പ്രവർത്തികൾ ബോധപൂർവ്വ മായിരിക്കില്ല ഒരാൾ ചെയ്യുന്നത്. എന്നാൽ അശ്രദ്ധയും അലസതയും ഇതിന്ന് പ്രേരിപ്പിക്കുന്നു. ആരാധന യിലുണ്ടാകുന്ന കുറവും അല്ലാഹുവിന് ഇഷ്ടപ്പെടാത്ത മറ്റു പ്രവർത്തികളും ഇതിൽ ഉൾപ്പെടുന്നു. നിങ്ങളുടെ നിർബന്ധ കടമകൾ എന്താണെന്ന് അല്ലാഹു പറഞ്ഞ് തന്നുകൊണ്ട് അത് ചെയ്യണമെന്ന് അല്ലാഹു താക്കീത് ചെയ്തിരിക്കുന്നു. അലസതകൊണ്ട് നിർബന്ധ കടമകൾ ചെയ്യാതിരിക്കുമ്പോൾ അത് നമ്മെ ശിർക്കിലേക്ക് വരെ എത്തിക്കുന്നു. അതുകൊണ്ട് അല്ലാഹു കൽപ്പിച്ച എല്ലാ പ്രവർത്തികളും ചെയ്യുന്നവരാകാൻ പ്രത്യേകം ശ്രദ്ധി ക്കുക. ഞാൻ നേരത്തെ പാരായണം ചെയ്ത സൂറത്തു തൗബയിലെ 18-ം ആയത്തിൽ അല്ലാഹുവിലും യൗമെ ആഖിറത്തിലും വിശ്വസിക്കുന്നവരെ കുറിച്ചാണ് പറയു ന്നത്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു; വിശുദ്ധ ഖുർആന്റെ വഹ്യ്യെ കുറിച്ചും അതിനുമുൻപുള്ള വഹ്യ്യെ കുറിച്ചും വിശുദ്ധ ഖുർആനിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ നമ്മുടെ വഹ്യ്യെ കുറിച്ച് എന്തുകൊണ്ട് പരാമർശമില്ല എന്ന് ഇന്ന് ഞാൻ ചിന്തിക്കുകയായിരുന്നു. അങ്ങിനെ ചിന്തിക്കുമ്പോൾ അല്ലാഹു എന്റെ ഹൃദയത്തിൽ ഇട്ടുതന്ന **വല്ലദീന യുഅ്മിനൂന ബിമാ ഉൻസില ഇലൈക വമാ ഉൻസില മിൻ കബ്‌ലിക വബിൽ ആഖിറത്തി ഹും യൂഖിനൂൻ** എന്ന ആയത്തിൽ മൂന്ന് കാലത്തുമുള്ള വഹ്യ്കളെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. **മാഉൻസില ഇലൈക്ക** എന്നാൽ വിശുദ്ധ ഖുർആന്റെ വഹ്യും **മാ ഉൻസില മിൻ കബ്‌ലിക** എന്നതിൽ മുൻ കാല പ്രവാചകന്മാരുടെ വഹ്യ്യും **ആഖിറ** എന്നതിൽ മസീഹ് മൗഊദ് ന്റെ വഹ്യ്യുമാണ് പ്രതിപാദിക്കുന്നത്. ആഖിറത്ത് എന്നാൽ ശേഷം വരുന്നത് എന്നാണ് അർത്ഥം. ശേഷം വരുന്നത് എന്താണ്? അത് വിശുദ്ധ ഖുർആന് ശേഷം ഇറങ്ങുന്ന വഹ്യ്യാണ്. കാരണം തൊട്ടുമുൻപ് വഹ്യ്കളെ ക്കുറിച്ചുള്ള പ്രതിപാദനമാണ്.

ആഖിറത്ത് എന്നതിന്ന് ശിക്ഷാരക്ഷയുടെ നാൾ എന്നും അർത്ഥം ഉണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ അർത്ഥവും നൽകിയിട്ടുണ്ട്.തന്റെ കാലത്തെ ക്കുറിച്ചും തന്റെ വഹ്യ്യെകുറിച്ചും ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയിരിക്കുന്ന വിശദീകരണം ഇവിടെയും അനുയോജ്യമാകുന്നതാണ്.

ഇക്കാലത്ത് പള്ളികൾ നിരവധി ഉണ്ടാക്കിക്കൊ ണ്ടിരിക്കുന്നു. എന്നാൽ പള്ളികളെ യഥാർത്ഥത്തിൽ പരിപാലിക്കുന്നവർ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അംഗീകരിച്ചവരായിരിക്കും. യഥാർത്ഥ വിശ്വാസ ത്തിലേക്ക് വഴികാട്ടുന്നത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ്. ഇതേപോലെ അല്ലാഹുവുമായും തിരു നബി (സ) യുമായും ബന്ധപ്പെടുത്തുന്നതും ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്നെയാണ്. പള്ളി നിർമ്മിച്ചതു കൊണ്ടുമാത്രം നമ്മുടെ കടമകൾ പൂർത്തിയാകുന്നില്ല. ആ കടമകളെ കുറിച്ച് ഈ ആയത്തിൽ അല്ലാഹു പറയുന്നുണ്ട്. നമസ്കാരം നിലനിർത്തുക എന്നതാണ് അതിൽ ഒന്ന്. നമസ്കാരം നിലനിർത്തേണ്ടതിനെ കുറിച്ച് മറ്റൊരുസ്ഥലത്ത് വിശദീകരിച്ചിരിക്കുന്നത് അഞ്ച് നേര നമസ്കാരവും ജമാഅത്തോടുകൂടി നമസ്കരി ക്കണമെന്നാണ്. പള്ളികളുടെ പരിപാലനം അഞ്ചു നേരവും നമസ്കാരം അവിടെ വന്ന് അനുഷ്ഠിക്കു ന്നതിലൂടെയാണ് പൂർത്തിയാകുക എന്ന് മനസ്സിലാ ക്കുക. അതുകൊണ്ട് അഞ്ചുനേരവും ഇവിടെ വന്ന് നമസ്കരിച്ച് പള്ളിയെ പരിപാലിക്കേണ്ടത് നിങ്ങളുടെ കടമയാണ്. ഈ പ്രദേശവാസികൾ പറയുന്ന ഒരാ ക്ഷേപം നിങ്ങൾ ഇവിടെ കൂടുതൽ പേരില്ലല്ലോ പിന്നെ എന്തിനാണ് ഇത്ര വലിയ പള്ളി ഇവിടെ ഉണ്ടാക്കുന്നത് എന്നാണ്. അതുകൊണ്ട് അവരുടെ പരാതി തീരണമെങ്കിൽ അല്ലാഹുവിന്റെ മുൻപിൽ കുമ്പിടുന്നതി നായി അഞ്ചുനേരവും പള്ളിയിൽ വരുന്ന അഹ്മദിക ളാണ് നിങ്ങളെന്ന് അവർക്ക് മനസ്സിലാകണം. ജനങ്ങളെ കാണിക്കാനല്ല മറിച്ച് അല്ലാഹുവിനെ ആരാധിക്കാ നാണ് ഈ കെട്ടിടം ഇവർ ഇവിടെ നിർമ്മിച്ചതെന്ന് ഇവിടത്തുകാർക്ക് ബോധ്യപ്പെടണം.

അല്ലാഹു തുടർന്ന് പറയുന്നു; അവർ സക്കാത്ത് നൽകുകയും ചെയ്യുന്നു. അവരുടെ സ്വത്തിൽനിന്ന് ദരിദ്രർക്കും സഹായം നൽകുന്നു. ജമാഅത്തിന്റെ ആവശ്യങ്ങളും പരിഗണിക്കുന്നു. ധനത്യാഗം ചെയ്തു കൊണ്ടാണ് പള്ളി നിർമ്മിക്കുന്നത് എന്ന് കേട്ടപ്പോൾ ഇവിടുത്തുകാർക്ക് അത്ഭുതമാണുണ്ടായത്. ചില പത്രങ്ങൾ ഇതെഴുതുകയും ചെയ്തു. പള്ളി നിർമ്മാ ണത്തോടുകൂടി ധനത്യാഗത്തിലും അവർ മുന്നേറു ന്നതാണ്. കാരണം അവർ അല്ലാഹുവിൽ പൂർണ്ണമായും തവക്കുൽ ചെയ്യുന്നു. ഇന്നുള്ള സാമ്പത്തിക വിദഗ്ദരെ പോലെ തങ്ങൾ തകർന്നു പോകുമെന്ന ഭയമൊന്നും അവർക്കശേഷം ഉണ്ടാകുന്നില്ല. വിശ്വാസിയുടെ ഓരോ പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിയും അല്ലാഹുവിന്റെ ഭയം ഉൾക്കൊണ്ടുമായിരിക്കും ഉണ്ടാ കുക. അങ്ങിനെയാണ് വേണ്ടതും. അല്ലാഹുവിന്ന് വേണ്ടി ചെയ്തിരിക്കുന്ന പ്രവർത്തനത്തിന്റെ ഫലം അല്ലാഹു തന്റെ വാഗ്ദാന പ്രകാരം നൂറുമടങ്ങ് വർദ്ധി പ്പിച്ചുതരും എന്ന ദൃഢ വിശ്വാസം അവർക്കുണ്ടാകുന്നു. അല്ലാഹു അവർക്ക് വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുന്ന താണ്. ലോകം സാമ്പത്തികമായി എത്രതന്നെ തകർ ന്നാലും അഹ്മദികൾ ഒരു ത്യാഗത്തിന് ശേഷം മറ്റൊരു ത്യാഗത്തിന് തയ്യാറാകുന്നതാണ്. ഇങ്ങിനെയുള്ള എത്ര യോ അനുഭവങ്ങൾ എന്റെ മുമ്പിലുണ്ട്. ദരിദ്രനാടുക ളുടെ ഉദാഹരണം എനിക്കറിയാം. ദരിദ്രരായിരുന്നിട്ടു

പോലും അവർ ധനത്യാഗം ചെയ്തുകൊണ്ടേ പോകുന്നു. ജീവനും, സമ്പത്തും അഭിമാനവും സമയവും ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറാണെന്ന പ്രതിജ്ഞ ഓരോരുത്തരും പൂർത്തിയാക്കുകയും ചെയ്യുന്നു. കാരണം അല്ലാഹു അവർക്ക് നേർമാർഗ്ഗം കാണിച്ചു കൊടുത്തു കൊണ്ട് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാനുള്ള സൗഭാഗ്യം നൽകിയിരിക്കുന്നു.

സൂറ തൗബയിലെ 71-ാം ആയത്തിൽ അല്ലാഹു പറയുന്നു; വിശ്വാസിയും വിശ്വാസിനിയും പരസ്പരം സുഹൃത്തുക്കളാണ്. പരസ്പരമുള്ള അവകാശങ്ങൾ നൽകുന്നവരാണ് യഥാർത്ഥ സുഹൃത്തുക്കൾ. വിശ്വാസികളാണ് പള്ളി പരിപാലിക്കുക എന്ന് ആദ്യത്തെ ആയത്തിൽ പറഞ്ഞു. വിശ്വാസികളുടെ ഗുണം ഈ ആയത്തിൽ വിശദീകരിക്കുകയും ചെയ്യുന്നു. വിശ്വാസികൾ സുഹൃത്തുക്കളാണെന്ന് പറഞ്ഞതിന്റെ അർത്ഥം സ്ത്രീയും പുരുഷനും തമ്മിൽ പരസ്പരം സൗഹൃദ ബന്ധം സ്ഥാപിച്ച് തങ്ങളുടെ ഇടയിലെ മറകളെല്ലാം നീക്കി അവിഹിത ബന്ധത്തിലേർപ്പെടുമെന്നല്ല. മറിച്ച് ഈ സൗഹൃദ ബന്ധം പവിത്രമായിരിക്കണം. പരസ്പരം ത്യാഗത്തിന് തയ്യാറാകുന്ന ബന്ധമായിരിക്കണം.

ഒരു വിശ്വാസിയിൽ കാണേണ്ട സദ്ഗുണങ്ങൾ എന്തെല്ലാമാണ്?

അതിൽ ഒന്ന് പരസ്പരം സ്നേഹവും സാഹോദര്യവും സൗഹാർദ്ദവും വർദ്ധിപ്പിക്കുക എന്നതാണ്. പരസ്പരം പഴിചാരുന്നതും കുറ്റം പറയുന്നതും നിർത്തി നമുക്കിടയിലുള്ള സ്പർദ്ധയുടെ മതിലുകൾ ഇടിച്ചു നിരത്തപ്പെടുമ്പോൾ മാത്രമെ സൗഹാർദ്ദവും പരസ്പരസ്നേഹവും നിലനിൽക്കുകയുള്ളൂ. വളരെ നിസ്സാരമായ നന്മ പോലും ചെയ്യാൻ തയ്യാറാണെന്നും എല്ലാതരം തിന്മകളും വർജ്ജിക്കുന്നതാണെന്നും പരസ്പരമുള്ള ബന്ധങ്ങളുടെ അവകാശങ്ങൾ പൂർണ്ണമായും നൽകാൻ തയ്യാറാണെന്നുമുള്ള തീരുമാനമെടുക്കുമ്പോഴാണ് ഈ സ്നേഹം വർദ്ധിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്ന് നമുക്കിടയിൽ സ്ഥാപിച്ചിട്ടുള്ള ആത്മസൗഹൃദം നാം നിലനിർത്തേണ്ടതാണ്. ദരിദ്രരെ നാം സഹായിക്കേണ്ടതാണ്. വ്യക്തിതാത്പര്യങ്ങൾ മുൻനിർത്തി മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരായി നാം മാറരുത്. ആദ്യകാല സഹാബത്തിൽ കണ്ടിരുന്ന രീതിയിലുള്ള പരസ്പരം ത്യാഗത്തിന്ന് നാം തയ്യാറാകണം. അവർ തങ്ങളുടെ സ്വത്തിന്റെ പകുതി പോലും മറ്റുള്ളവർക്ക് നൽകാൻ തയ്യാറായിരുന്നു. ദുർധാരണക്കെതിരെ നാം ജിഹാദ് നടത്തണം.പല ഫിത്നകളും കുഴപ്പങ്ങളും പരസ്പര സ്പർദ്ധയും ദുർധാരണ മൂലമാണ് ഉണ്ടാകുന്നത്. സത്യസന്ധത നമ്മെ തിരിച്ചറിയപ്പെടുന്നതിനുള്ള ഒരടയാളമായി മാറണം. അല്ലാഹുവിൽനിന്ന് എപ്പോഴും അനുഗ്രഹത്തിന്റെ സന്തോഷവാർത്തകൾ ലഭിക്കുന്ന രീതിയിൽ നമ്മുടെ കൃതജ്ഞതയുടെ നിലവാരം ഉയരേണ്ടതാണ്. അല്ലാഹുവിന്റെ കൽപ്പന പ്രകാരം വിട്ടുവീഴ്ച നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായി തീരേണ്ടതാണ്. നമ്മുടെ നീതിനിഷ്ഠ ഏതു കാര്യത്തിലും ഉന്നതവും ശ്രേഷ്ഠവും ആവുകയും അത് നീതിയിൽ നിന്ന് ഉയർന്ന് ഇഹ്സാനും അതിൽനിന്ന് മുൻകടന്ന് അടുത്ത ബന്ധുക്കളോട് പെരുമാറുന്ന തരത്തിൽ അത്യുന്നത നിലവാരം പുലർത്തുന്ന അവസ്ഥയിൽ എത്തേണ്ടതാണ്. വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്ന ഗുണം നമ്മെ മറ്റുള്ളവരിൽനിന്ന് വ്യതിരിക്തമാക്കട്ടെ. ലോകർ കണ്ണടച്ച് നമ്മെ വിശ്വസിക്കുന്ന ഒരവസ്ഥയിലേക്ക് നാം എത്തുമാറാകട്ടെ. പരസ്പരമുള്ള വിശുദ്ധിയും പവിത്രതയും ചാരിത്രവും കാത്തുസൂക്ഷിക്കുന്നവരായി നാം മാറട്ടെ. സ്ത്രീപുരുഷൻമാർക്ക് ദൃഷ്ടികൾ താഴ്ത്തുന്ന ശീലം ഉണ്ടാകട്ടെ. ഇതെല്ലാം തന്നെ ഓരോ അഹ്മദിയും തന്റെ ജീവിതശൈലിയാക്കി മാറ്റുക. അഹ്മദീ സ്ത്രീകൾ തങ്ങളുടെ വസ്ത്രത്തിലും പർദ്ദയിലുമെല്ലാം കൃത്യത പാലിക്കുന്നവരായി തീരേണ്ടതാണ്. അയൽവാസികളുടെ അവകാശങ്ങൾ നൽകുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കണം. വീടിനടുത്തുള്ളവർ മാത്രമല്ല, കൂടെ യാത്ര ചെയ്യുന്നവരും ജോലി ചെയ്യുന്നവരും ജമാഅത്തംഗങ്ങളും എല്ലാം അയൽക്കാരിൽ ഉൾപ്പെടുന്നതാണ്. ഈ ഗുണങ്ങളെല്ലാം നമ്മിൽ ഉണ്ടാകുമ്പോഴാണ് യഥാർത്ഥ വിശ്വാസികളുടെ ഗണത്തിൽ നാം ഉൾപ്പെടുന്നത്.

ചുരുക്കത്തിൽ ഈ ആയത്തിൽ ഒരു വിശ്വാസിയുടെ ഗുണങ്ങൾ എടുത്തു പറഞ്ഞിരിക്കുന്നു. പരസ്പരമുള്ള കടപ്പാടുകൾ പൂർത്തിയാക്കുന്നത് കാരണം ജമാഅത്ത് ആരോഗ്യമുള്ള ഒരു ശരീരം പോലെ ആയിത്തീരുന്നതാണ്. ഒരു വിശ്വാസിയുടെ മറ്റൊരു ഗുണം പറഞ്ഞിരിക്കുന്നത് അവർ നന്മ ഉപദേശിക്കുകയും തിന്മകളിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്നു എന്നതാണ്. അവർ തങ്ങളുടെ നമസ്കാരങ്ങളെ സംരക്ഷിക്കുന്നവരായിരിക്കും.

നന്മ ഉപദേശിക്കുന്നതിനെകുറിച്ച് അല്ലാഹു മറ്റൊരു സ്ഥലത്ത് പറയുന്നു; നിങ്ങൾ ജനങ്ങൾക്കുവേണ്ടി എഴുന്നേൽപ്പിക്കപ്പെട്ടിട്ടുള്ള ഉത്തമ സമുദായമാണ്. നല്ല കാര്യങ്ങളെകുറിച്ച് നിങ്ങൾ ഉപദേശിക്കുകയും തിന്മയിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നു. അതോടൊപ്പം അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.

നിങ്ങൾ ഉത്തമ സമുദായമായതുകൊണ്ട് നന്മകൾ മാത്രമേ നിങ്ങളിൽനിന്ന് ഉണ്ടാകാൻ പാടുള്ളൂ. അല്ലാഹു നിരോധിച്ചിരിക്കുന്ന കാര്യങ്ങൾ നിങ്ങൾ ചെയ്യരുത്. കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചതും ഇബാദത്തിനുള്ള ഗേഹം പണികഴിപ്പിച്ചതും അപ്പോൾ മാത്രമെ ഗുണ പ്രദമായി തീരുകയുള്ളൂ.

മുൻപുള്ള വചനത്തിൽ വിശ്വാസികളുടെ ഗുണങ്ങൾ പറഞ്ഞതിൽ അവർ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ഈ അനുസരണം മൂലമാണ് മുൻപുള്ളവർക്കും ശേഷം വന്നവർ

ക്കും കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ ഭാഗ്യം ലഭിച്ചത്. അതുകൊണ്ട് നമ്മുടെ പൂർവ്വികർക്കു വേണ്ടി യും പ്രാർത്ഥിക്കേണ്ടതാണ്. നമുക്ക് ലഭിക്കുന്ന ഓരോ ഉന്നതിയും നമ്മുടെ പൂർവ്വികർ ചെയ്ത ത്യാഗത്തിന്റെ ഫലമാണ് എന്ന് ജന്മനാ അഹ്മദികളായവർ മനസ്സിലാ ക്കേണ്ടതാണ്. അതുകൊണ്ട് അവർക്കായും ദുആ ചെയ്യുക. നമ്മോട് വിട പറഞ്ഞവരുടെ പദവികൾ അല്ലാഹു ഉയർത്തിക്കൊണ്ടിരിക്കട്ടെ.

ആയത്തിന്റെ അവസാനത്തിൽ അല്ലാഹു പറയുന്നു;

ഈ ഗുണങ്ങൾ സ്വായത്തമാക്കുന്നവർക്ക് അല്ലാഹു വിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതാണ്. അല്ലാഹു കരുണ ചൊരിയുമ്പോൾ അവൻ ആ കരുണ വർദ്ധിപ്പിച്ചു നൽകിക്കൊണ്ടിരിക്കുന്നതാണ്. നമ്മളിലുള്ള ഓരോരു ത്തരും അല്ലാഹുവിന്റ കാരുണ്യം കരസ്ഥമാക്കുന്നവ രായിത്തീരട്ടെ. ഈ പള്ളിയുടെ താത്പര്യം സംരക്ഷി ക്കുന്നവരായി നാം മാറട്ടെ. ഇനി ജനങ്ങളുടെ ശ്രദ്ധ നമ്മിലേക്ക് തിരിയുന്നതാണ്. പത്രമാധ്യമങ്ങളിൽ നമ്മേ കുറിച്ച് നല്ല കവറേജ് വരുന്നുണ്ട്. ഇന്നലത്തെ റിപ്പോർട്ട് എനിക്ക് കിട്ടിയിട്ടില്ല. തബ്ലീഗിനുള്ള ഈ അവസരം നാം വിനിയോഗിക്കേണ്ടതാണ്. ജനങ്ങൾ നമ്മിൽ അർ പ്പിച്ചിരിക്കുന്ന പ്രതീക്ഷക്കൊത്തും നാം ഉയരണം. അതേ പോലെ ഒരു വിശ്വാസിയോടുള്ള അല്ലാഹുവിന്റെ പ്രതീ ക്ഷക്കൊത്ത് നാം ഉയരണം. അല്ലാഹുവിന്റെ അനുഗ്രഹ ത്തിന് അവകാശികളാകാൻ എപ്പോഴും ശ്രമിക്കുക. നമ്മുടെ ആരാധനകൾ മുഖേനയും സദ്മാതൃകകൾ പ്രകടിപ്പിച്ചുമാണ് നാം അനുഗ്രഹത്തിന് അവകാശിക ളായി തീരുക. ഇസ്ലാമിന്റെയും വിശുദ്ധഖുർആ ന്റെയും കൽപ്പനകൾ അനുസരിച്ച് നമ്മുടെ ജീവിതത്തെ നാം ചിട്ടപ്പെടുത്തേണ്ടതാണ്. നമ്മുടെ സന്താനങ്ങളിലും ഇസ്ലാം അഹ്മദിയ്യത്തിന്റെ സ്നേഹം ഉണ്ടാക്കിയെടു ക്കണം. അവരെ യഥാർത്ഥ അർത്ഥത്തിൽ അല്ലാഹുവി ന്റെയും റസൂലിന്റെയും അനുസരണ വൃത്തത്തിൽ കൊണ്ടു വരിക. അല്ലാഹു നമുക്കെല്ലാവർക്കും അതി നുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് - എറണാകുളം
**PHONE : 94461 51197**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 17 -10 - 2008 at**
**Khadeeja Masjid**
**Berlin**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**